പ്രവർത്തനരഹിതമായ വൈദ്യുതി മീറ്ററുകൾ

44 (6495) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ബോർഡിന്റെ എത്ര ഗാർഹിക/എച്ച്.ടി. (വ്യാവസായികം) ഉപഭോക്താക്കളുടെ മീറ്ററുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളത് ; തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതുവഴി 2013-14 സാമ്പത്തിക വർഷം വൈദ്യുതി ബോർഡിന് എന്തുതുക നഷ്ടമുണ്ടായിട്ടുണ്ട് ;

(സി) കേടായ മുഴുവൻ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡിന് എത്ര കോടിരൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) നിലവിൽ വൈദ്യുതി ബോർഡിന് മീറ്ററുകൾ നിർമ്മിച്ചുനൽകുന്നത് ഏതൊക്കെ സ്ഥാപനങ്ങളാണ് ; ഇതിൽ പൊതുമേഖല/സ്വകാര്യമേഖല എന്നിങ്ങനെ തരം തിരിച്ചും ഈ സ്ഥാപനങ്ങൾക്ക് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ബോർഡ് നൽകിയ തുക എത്രയെന്നും കുടിശ്ശിക ഇനത്തിൽ ഇനി എന്തുതുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) നിലവിൽ മീറ്റർ വാടക വർദ്ധിപ്പിക്കാൻ ബോർഡ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റാതെ, ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ വാടക വർദ്ധിപ്പിക്കാനുള്ള കെ.എസ്.ഇ.ബി. തീരുമാനത്തിനെതിരെ എന്തുനടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3,73,107 ഗാർഹിക ഉപഭോക്താക്കളുടെ മീറ്ററുകളും 6 എച്ച്.ടി. വ്യാവസായിക ഉപഭോക്താക്കളുടെ മീറ്ററുകളും പ്രവർത്തനരഹിതമായിട്ടുണ്ട്.

(ബി) മീറ്റർ കേടാകുന്നതിനുമുമ്പുള്ള ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുത ചാർജ് ഈടാക്കുന്നതിനാൽ കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കാത്തതുവഴി നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടില്ല.

(സി) നിലവിലുള്ള മുഴുവൻ കേടായ വൈദ്യുതി മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ഏകദേശം 45 കോടിരൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) നിലവിൽ വൈദ്യുതി ബോർഡിന് മീറ്ററുകൾ നിർമ്മിച്ച് നൽകുന്നത് താഴെപ്പറയുന്ന സ്ഥാപനങ്ങളാണ് :

1. സിംഗിൾ ഫേസ് മീറ്ററുകൾ

2013-14 സാമ്പത്തികവർഷത്തിൽ ലാർസൻ & ട്യൂബ്രോ, ചെന്നൈ എന്ന സ്ഥാപനത്തിൽനിന്നും ബോർഡ് 15 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകൾ വാങ്ങിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിലേക്കാവശ്യമായ മീറ്ററുകൾ വാങ്ങുന്നതിനായി ടെൻഡർ തുറന്ന് സാംപിൾ ടെസ്റ്റിംഗ് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ത്രീഫേസ് മീറ്ററുകൾ

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും ബോർഡ് ത്രീഫേസ് മീറ്ററുകൾ വാങ്ങിയിട്ടുണ്ട്.

(a) എംകോ ലിമിറ്റഡ്, താനെ

(b) ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ.

(c) ലാൻഡിസ് + ജിർലിമിറ്റഡ്, ബാംഗ്ലൂർ.

(d) സെക്യൂർ മീറ്റേഴ്സ് ലിമിറ്റഡ്, ബാംഗ്ലൂർ.

നടപ്പുസാമ്പത്തികവർഷം ത്രീഫേസ് മീറ്ററുകൾ വാങ്ങുന്നതിനായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട് :

(a) ജീനസ് പവർ ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ്, ജയ്പ്പൂർ.

(b) ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ.

3. എൽ.റ്റി.സി.റ്റി. ഓപ്പറേറ്റഡ് മീറ്ററുകൾ

നടപ്പുസാമ്പത്തികവർഷം പ്രസ്തുത മീറ്ററുകൾ വാങ്ങുന്നതിനായി താഴെ പ്പറയുന്ന സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട് :

(a) ജീനസ് പവർ ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ്, ജയ്പ്പൂർ.

(b) ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ.

4. എ.ബി.റ്റി. മീറ്ററുകൾ

നടപ്പുസാമ്പത്തികവർഷം പ്രസ്തുത മീറ്ററുകൾ വാങ്ങുന്നതിനായി സെക്യൂർ മീറ്റേഴ്സ് ലിമിറ്റഡ്, ബാംഗ്ലൂരിന് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

പൊതുമേഖലാ/സഹകാര്യ മേഖലാ സ്ഥാപനങ്ങൾക്ക് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ബോർഡ് നൽകിയ തുകയും കുടിശ്ശികയും അനുബന്ധമായി ചേർക്കുന്നു.*

(ഇ&എഫ്) സംസ്ഥാനത്ത് 2002-നുശേഷം മീറ്ററിന്റെ വാടക വർദ്ധിപ്പിച്ചിട്ടില്ല എന്നാൽ ടി. കാലയളവിൽ സിംഗിൾ ഫേസ് മീറ്ററുകളുടെയും ത്രീഫേസ് മീറ്ററുകളുടെയും വിലയിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2001-02 കാലയളവിൽ സിംഗിൾ ഫേസ് മീറ്ററിന്റെ വില 250 മുതൽ 300 രൂപവരെ ഉണ്ടായിരുന്നത് ഇപ്പോൾ 700 മുതൽ 800 രൂപയായിട്ടാണ് വർദ്ധിച്ചിട്ടുള്ളത്. കൂടാതെ ത്രീഫേസ് മീറ്ററുകളുടെ വില 2001-02 കാലയളവിൽ കേവലം 750 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 2100 മുതൽ 2,200 രൂപയിലേക്ക് വർദ്ധിച്ചിട്ടുണ്ട്. ടി വർദ്ധനവ് കണക്കിലെടുത്ത് പുതുതായി കണക്ഷനെടുക്കുന്ന ഉപഭോക്താക്കൾക്ക് സിംഗിൾ ഫേസ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 10 രൂപയിൽനിന്നും 20 രൂപയായി വർദ്ധിപ്പിക്കാനും ത്രീ ഫേസ് മീറ്ററുകൾക്ക് മീറ്റർ വാടക 20 രൂപ യിൽനിന്ന് 50 രൂപയായി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താക്കൾക്ക് തുടർന്നും പഴയ നിരക്കിൽതന്നെ മീറ്റർ വാടക തുടരാനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് പുതിയതായി മീറ്റർ മാറ്റിസ്ഥാപിക്കേണ്ടിവരുന്നപക്ഷം പുതിയ മീറ്ററുകൾക്ക് പുതിയ നിരക്കിൽ മീറ്റർ വാടക നൽകണമെന്ന് വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങിവയ്ക്കുകയാണെങ്കിൽ ടി. ഉപഭോക്താക്കളെ മീറ്റർ വാങ്ങിവയ്ക്കുന്ന തീയതി മുതൽ മീറ്റർ വാടകയിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ് മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് തെരഞ്ഞെടുത്ത ഓഫീസുകളിൽനിന്നും വിലയ്ക്ക് ലഭ്യമാക്കുന്നതാണ്.

തെറ്റായ രീതിയിലുള്ള വൈദ്യുതി ഉപയോഗം

45 (6496) ശ്രീ. വി. ഡി, സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ തെറ്റായരീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) ഇങ്ങനെയുള്ള തെറ്റുകൾ ക്രമപ്പെടുത്താൻ ഉപഭോക്താക്കൾക്ക് അവസരം നൽകാൻ വൈദ്യുതി ബോർഡ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം തെറ്റുകളാണ് ഈ പദ്ധതി പ്രകാരം ക്രമപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുതപദ്ധതി എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എ.പി.റ്റി.എസ്.-ന്റെ 13 സ്ക്വാഡുകൾ ഉപഭോക്താക്കളുടെ മീറ്ററും അനുബന്ധ ഉപകരണങ്ങളും കണക്ടഡ് ലോഡും പരിശോധിക്കുന്നതിന് ഒരു സവിശേഷ സംവിധാനമായി നിലവിലുണ്ട്. ഇതുകൂടാതെ ഇലക്ട്രിക്കൽ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. പരിശോധനയിൽ ഉപഭോക്താക്കൾ തെറ്റായരീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ വൈദ്യുതി നിയമം 2003 സെക്ഷൻ 126 അനുശാസിക്കുന്ന രീതിയിൽ പിഴ ഈടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly